(ബി) റവന്യൂ—ഫോറസ്റ്റ് വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാർ തിരുവനന്തപുരം, പത്തനംതിട്ട, കൊല്ലം, ഇടുക്കി, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ സംയുക്ത പരിശോധന നടത്തി.

(സി) ഇടുക്കി, തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം എന്നീ ജില്ലകളിൽ ഏതാനും റെയിഞ്ചുകളിലെ പരിശോധന പൂർത്തിയാകാനുണ്ട്.

(ഡി) കേന്ദ്രാനുമതി ഇതുവരെ ലഭിച്ചിട്ടില്ല. കേന്ദ്രാനുമതിക്ക് അയച്ചുകൊടുത്തിരിക്കുകയാണ്.

(ഇ) 1982—നു ശേഷം സമയബന്ധിത പരിപാടിയനുസരിച്ച് 1986 മാർച്ച് വരെ 29,738 പട്ടയങ്ങൾ മലയോര കർഷകർക്ക് കൊടുത്തിട്ടുണ്ട്.

(എഫ്) സമയപരിധി നിശ്ചയിക്കാൻ നിവൃത്തിയില്ല. പുറമ്പോക്ക് ഭൂമിയെ സംബന്ധിച്ചിടത്തോളം ധൃതഗതിയിൽ പട്ടയങ്ങൾ നൽകുവാൻ കലക്ടർമാർക്ക് നിർദ്ദേശമുണ്ട്. വനഭൂമി പതിച്ചു കൊടുക്കുന്നതിനു കേന്ദ്രാനുമതി ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

കൈവശ രേഖയില്ലാത്ത കൈവശ കൃഷിക്കാർ

666 [638] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈവശ രേഖയൊന്നുമില്ലാതെ ഭൂമി കൈവശം വച്ച് കൃഷി ചെയ്യുന്ന കൈവശ കൃഷിക്കാർ സംസ്ഥാനത്ത് എത്രയുണ്ടെന്നുള്ള വിവരം ശേഖരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കൈവശകൃഷിക്കാർ എത്രയാണെന്നും, അവരുടെ കൈവശമുള്ള ഭൂമിയുടെ വിസ്തീർണ്ണം എത്രയാണെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ഇടുക്കി ജില്ലയിലെ മിച്ചഭൂമി അർഹതയില്ലാത്തവർ സ്വായത്തമാക്കിയെന്ന് ആരോപണം

667 [641] ശ്രീ. കെ. പങ്കജാക്ഷൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ മിച്ചഭൂമി അർഹതയില്ലാത്തവർ സ്വായത്തമാക്കിയെന്ന് ആരോപണമുണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൽമേലുള്ള അന്വേഷണ നടപടികൾ പൂർത്തിയായോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബന്ധപ്പെട്ടവരുടെ പേരിൽ വിജിലൻസ് അന്വേഷണം നടന്നുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly